ALL SAINTS COLLEGE LIBRARY
No.....
TRIVANDRUM

(Pages : 3)

K – 1982

Reg. No. : .....

Name : .....

First Year B.A./B.Sc. Degree Examination, January 2021

Part – II : Malayalam

Paper – I : കവിത

Time : 3 Hours

Max. Marks : 100

I. ഓരോ പുറത്തിൽ (**100** വാക്ക്) കവിയാതെ ഏഴു ചോദ്യത്തിന് ഉത്തരം എഴുതുക.

1. "വിശപ്പിനു വിഭവങ്ങൾ വെറുപ്പോളമശിച്ചാലും
വിശിഷ്ടഭോജ്യങ്ങൾ കാൺകിൽ കൊതിയാമാർക്കും"
- സന്ദർഭം എഴുതി ആശയം വിശദമാക്കുക.

2. "പ്രേമമേ നിൻ പേരുകേട്ടാൽ, പേടിയാം വഴി പിഴച്ച
കാമകിങ്കരർ ചെയ്യുന്ന കടുംകൈകളാൽ"
- വിശദീകരിക്കുക.

3. "നമുക്കു നാമേ പണിവതു നാകം
നരകവുമതുപോലെ"
- ആശയം വിശദീകരിക്കുക.

4. "എന്നെപ്പരുഷം പറയുന്നതെന്തിന-
തെന്നാലൊരുവണ്ണമാവതു ചെയ്യു ഞാൻ"
- ആരുടെ വാക്കുകളാണിത് ? വിശദീകരിക്കുക.

5. "എന്നും കുരയ്ക്കുന്ന പട്ടി കടിക്കയി-
ല്ലെന്നു നീ കേട്ടിട്ടുമില്ലേ സുയോധന ?"
- സന്ദർഭം എഴുതി ആശയം വിശദമാക്കുക.

P.T.O.

6. "നിന്നുടെയുള്ളിലെ ഭക്തിയും സ്നേഹവു-
മെന്നെക്കുറിച്ചേറ്റമുണ്ടെന്നറിഞ്ഞു ഞാൻ
എന്നതു കൊണ്ടു നമുക്കു സന്തോഷവും
നിന്നിൽ പ്രതിദിനമേറ്റം ധനപതേ"
- സന്ദർഭം എഴുതി ആശയം വിശദീകരിക്കുക.

7. "അങ്ങോട്ടുമിങ്ങോട്ടുമിരുട്ടിലാരോ
കേവഞ്ചിയസ്സിന്ധുവിലെന്നപോലെ,
അവ്യക്തമായിട്ടു കടന്നുപൊയ്ക്കോ-
ണ്ടിരുന്നു നാനാ നിനവെന്മനസ്സിൽ"
- സന്ദർഭം എഴുതി ആശയം വിശദമാക്കുക.

8. "ഒരു വീടിനുമുൾക്കൊള്ളാനാവാത്ത
ഒരു മുറിയാണ് ഞാൻ"
- സന്ദർഭം എഴുതി ആശയം വിശദീകരിക്കുക.

9. "കുഞ്ഞേ മുലപ്പാൽ കുടിക്കരുത്
ധാത്രി തൻ മടിയിൽക്കിടക്കരുത്"
എന്ന് പറയാൻ കാരണമെന്ത് ?

(7 × 4 = 28 Marks)

II. ഈരണ്ട് പുറത്തിൽ (**200** വാക്ക്) കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരം എഴുതുക.

10. ചങ്ങമ്പുഴയുടെ സൗന്ദര്യസങ്കല്പം 'സൗന്ദര്യലഹരി' എന്ന കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ?

11. രാത്രിയുടെ സൗന്ദര്യത്തെപ്പറ്റിയുള്ള അയ്യപ്പപ്പണിക്കരുടെ വീക്ഷണം എന്ത്?

12. സച്ചിദാനന്ദന്റെ കവിതാസങ്കല്പം സത്യവാങ്മൂലത്തിൽ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?

13. കഞ്ജബാണന്റെ പട്ടം കെട്ടിയ രാജ്ഞിയായി വാസവദത്തയെ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?

14. ഉയർന്ന ജാതിക്കാരുടെ ദുർഗുണങ്ങളെ വള്ളത്തോൾ അവലപിക്കുന്നതെങ്ങനെ?

15. ഗണപതിയെ സൽക്കരിക്കാനുള്ള കുബേരന്റെ ഒരുക്കങ്ങൾ എന്തെല്ലാമായിരുന്നു?

16. ഉപഗുപ്തന്റെ സാന്നിധ്യം വാസവദത്തയിൽ ഉളവാക്കിയ മാറ്റങ്ങൾ എന്തെല്ലാം?

(5 × 6 = 30 Marks)

III. നാലു പുറത്തിൽ (**400** വാക്ക്) കവിയാതെ ഉത്തരം എഴുതുക.

17. (a) 'തോണിയാത്ര' എന്ന കവിതയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

അല്ലെങ്കിൽ

(b) എഴുത്തച്ഛന്റെ വർണ്ണനയുടെ പ്രത്യേകതകൾ പാഠഭാഗത്തെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

18. (a) പുരാണകഥയുടെ പുനരാവിഷ്കാരമെന്ന നിലയിൽ 'ജലസേചനം' എന്ന കവിതയെപ്പറ്റി ഉപന്യസിക്കുക.

അല്ലെങ്കിൽ

(b) പ്രകൃതി സംരക്ഷണത്തിന്റെ അനിവാര്യത അടയാളപ്പെടുത്തുന്ന കവിതയാണ് 'കുഞ്ഞേ മുലപ്പാൽ കുടിക്കരുത്' - നിരൂപിക്കുക.

19. (a) ആശാന്റെ കാവ്യസങ്കല്പം കരുണയെ മുൻനിർത്തി പരിശോധിക്കുക.

അല്ലെങ്കിൽ

(b) കുമാരനാശാന്റെ ഖണ്ഡകാവ്യങ്ങളിൽ കരുണയുടെ സ്ഥാനമെന്തെന്ന് വിശദീകരിക്കുക.

(3 × 14 = 42 Marks)
